ഉത്തരം

(എ) സർക്കാർ ജീവനക്കാർക്കുള്ള ക്വാർട്ടേഴ്സ് അനുവദിക്കുന്നതിനുള്ള ചട്ടങ്ങളിലെ (Rules for the Allotment and occupation of Government Servants Quarters in Kerala 2006) സെക്ഷൻ 12 പ്രകാരം ജലം, വൈദ്യുതി എന്നിവയുടെ ചാർജ്ജുകൾ താമസക്കാർ തന്നെ യഥാക്രമം വാട്ടർ അതോറിറ്റിയിലും വൈദ്യുതി ബോർഡിലും അടയ്ക്കേണ്ടതാണ്.

(ബി) ക്വാർട്ടേഴ്സുകൾ അലോട്ട് ചെയ്യുമ്പോൾ Rules for the Allotment and occupation of Government Servants Quarters in Kerala 2006-ലെ സെക്ഷൻ 11 (i) പ്രകാരം ജീവനക്കാർ വാടക ഉടമ്പടിയിൽ ഏർപ്പെടേണ്ടതുണ്ട്.

(സി) ക്വാർട്ടേഴ്സിലുള്ള വൈദ്യുതി കണക്ഷനുകളുടെ ഉപഭോക്താവ് താമസക്കാർ തന്നെയാണ്.

(ഡി) പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ഇ) ഇപ്പോൾ പരിഗണനയിലില്ല.

ലോകബാങ്ക് ധനസഹായത്തോടെയുള്ള പദ്ധതികൾ

204 (5289) ശ്രീ. ഇ. പി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പൊതുമരാമത്ത് റോഡുകളുടെ അറ്റകുറ്റപ്പണികൾക്കായി ലോകബാങ്ക് ധനസഹായത്തോടെയുള്ള പദ്ധതികൾക്കായി നടപ്പുസാമ്പത്തിക വർഷം എത്ര തുക വകയിരുത്തിയിട്ടുണ്ട് ;

(ബി) പ്രസ്തുത പദ്ധതിപ്രകാരം അറ്റകുറ്റപ്പണികൾ നടത്തുവാനുള്ള പൊതുമരാമത്ത് റോഡുകളുടെ മുൻഗണനാ പട്ടിക പൊതുമരാമത്ത് വകുപ്പ് തയ്യാറാക്കുകയുണ്ടായോ ;

(സി) പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനായി കണ്ണൂർ ജില്ലയിലെ ഏതെല്ലാം പൊതുമരാമത്ത് റോഡുകളാണ് തെരഞ്ഞെടുത്തിട്ടുള്ളതെന്നും ഓരോ റോഡുകളുടെ നിർമ്മാണത്തിനും എത്ര തുക വീതമാണ് വേണ്ടിവരുന്നതെന്നും വ്യക്തമാക്കുമോ ?

ഉത്തരം

(എ-സി) പൊതുമരാമത്ത് വകുപ്പിലെ റോഡുകളുടെ അറ്റകുറ്റപ്പണികൾക്കായി ലോകബാങ്ക് ധനസഹായത്തോടുകൂടിയുള്ള പദ്ധതികൾ നിലവിലില്ലാത്തതിനാൽ നടപ്പുസാമ്പത്തിക വർഷം തുകയൊന്നും വകയിരുത്തിയിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly